No.G/ 649/ 2017 AS

Office of the
Dy. Supdt. of Police, Alathur
Dated:27-02-2018
Ph:04922 222399
dyspaltrpkd.pol@kerala.gov.in

# ലേല പരസ്യം

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ വടക്കഞ്ചേരി പോലീസ് സ്റ്റേഷനടുത്തായി സ്ഥിതിചെയ്യുന്ന വടക്കഞ്ചേരി പഴയ പോലീസ് ക്വാർട്ടേഴ്സ് നമ്പർ III/1134 to III/1135 എന്നീ നമ്പറുകളുള്ള കെട്ടിടം ലേലം ചെയ്ത് പൊളിച്ച് നീക്കുന്നതിനായി 22.3.2018 തിയതി പകൽ 11.00 മണിക്ക് ആലത്തൂർ സബ്ബ്ഡിവിഷണൽ പോലീസ് ഓഫീസിന്റെ പരിസരത്തുവെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ 6,000/- (ആറായിരം രൂപ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ, തപാൽ മാർഗ്ഗമോ നിശ്ചിത നിരതദ്രവ്യമായ സംഖ്യ അടച്ചതിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് (ആലത്തൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ പേരിൽ ) 21.3.2018 തിയതി വൈകീട്ട് 5.00 മണി വരെ ആലത്തൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിന് പുറത്ത് " പോലീസ് ഡിപ്പാർട്ട്മെന്റ് വക വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ പഴയ ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തുവാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലസമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച് ഉടൻ തന്നെ ലേലതുകയുടെ പകുതിയും, സെയിൽസ് ടാക്സ്, അഡീഷണൽ സെയിൽസ് ടാക്സ് എന്നിവ അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക (നിരതദ്രവ്യം കഴിച്ച്) നികുതി ഉൾപ്പെടെയുള്ള ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിന് മുതൽ കൂട്ടുന്നതും, കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ പ്രവർത്തി ദിവസം രാവിലെ 10 മണി മുതൽ 4 മണി വരെ വടക്കഞ്ചേരി പോലീസ് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ, കാരണമോ കാണിക്കാതെ ലേല തിയതി മാറ്റി വെയ്ക്കുന്നതിനും, ലേലം ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം ആലത്തൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.

27.02.18

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ആലത്തൂർ

Office of the Dy. Superintendent of Police
Date: 27/2/18
Alathur, Palakkad

To

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെയും, മറ്റു പോലീസ് ഓഫീസർമാരുടെയും അറിവിലേയ്ക്കും വേണ്ടത്ര പ്രചരണത്തിനുമായി, പബ്ലിക് റിലേഷൻ ഓഫീസർ പാലക്കാടിന് വേണ്ടത്ര പ്രചരണത്തിനായി

പകർപ്പ് വടക്കഞ്ചേരി പോലീസ് ഇൻസ്പെക്ടറുടെയും, പോലീസ് സബ്ബ് ഇൻസ്പെക്ടറുടെയും അറിവിലക്കും അനന്തരനടപടികൾക്കുമായി